No. CEE/3600/ KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2021

## എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം

## ഭിന്നശേഷി വിഭാഗക്കാർക്കുള്ള ശാരീരിക പരിശോധന സംബന്ധിച്ച്

സംസ്ഥാനത്തെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർക്കായി പ്രോസ്പെക്ടസ് ക്ലോസ് 5.3 പ്രകാരം മെഡിക്കൽ ബോർഡ് കൂടി ശാരീരിക പരിശോധന നടത്തേണ്ടതുണ്ട്. കോവിഡ് 19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ, 2021 വർഷത്തെ ഭിന്നശേഷി വിഭാഗക്കാർക്കായുള്ള മെഡിക്കൽ ബോർഡ് **സെപ്തംബർ 23, 24 തീയതികളിലായി** കേരളത്തിലെ 10 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന 21.09.2021, **വൈകിട്ട് 5.00** മണിക്ക് മുമ്പായി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് കാണുക.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം
18.09.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**